പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *255 21/06/2012 ൽ മറുപടിയ്ക്ക്

## യുണീക്ക് തണ്ടപ്പേര് നമ്പർ കാർഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ലൂഡി ലൂയിസ്: | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) യുണീക്ക് തണ്ടപ്പേര് നമ്പർ കാർഡ് നൽകുന്നതിനെക്കുറിച്ച് ആലോചന യുണ്ടോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | ഉണ്ട്. ഒരു പൗരനെ സംബന്ധിക്കുന്ന അത്യാവശ്യ വിവരങ്ങളെല്ലാം യുണീക്ക് തണ്ടപ്പേർ കാർഡിൽ ലഭ്യമാക്കുവാൻ കഴിയും. പേരും, മേൽ വിലാസവും, വസ്തു സംബന്ധിക്കുന്ന വിവരങ്ങൾ, ജാതി, കുടുംബം, വരുമാനം, ക്രിമിനൽ പശ്ചാത്തലം ഇവയെല്ലാം കാർഡിൽ നിന്നും ലഭ്യമാക്കുവാൻ കഴിയും. വിവിധ ആവശ്യങ്ങൾക്ക് വിവിധ ഓഫീസുകൾ കയറി ഇറങ്ങേണ്ട ദുരവസ്ഥയ്ക്ക് പരിഹാരം കാണുവാൻ കഴിയും. ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കുവാനും സേവന മേഖലയിൽ സുതാര്യതയും വേഗതയും ഉറപ്പു വരുത്തുവാനും ഇതു മൂലം കഴിയും. |
| (ബി) ഇത് സംബന്ധിച്ച് എന്തെല്ലാം പദ്ധതി കൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടു ണ്ട്; | (ബി) | പ്രസ്തുത പദ്ധതി പാലക്കാട്, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കു ന്നതിന് 19 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (സി) | പ്രാരംഭ ഘട്ടത്തിൽ റവന്യൂ, വിവര സാങ്കേതിക വകുപ്പ് ഇവയുടെ കീഴിലുള്ള ReLIS, e-District എന്നീ ഡാറ്റാബേസുകളുടെ ഏകോപനം സാദ്ധ്യമാക്കിക്കഴിഞ്ഞു. ഇതു കൂടാതെ വിദ്യാഭ്യാസ വകുപ്പ്, ഇലക്ഷൻ കമ്മീഷൻ, ഭക്ഷ്യ-സിവിൽ സപ്ലൈസ്, ആഭ്യന്തരം എന്നീ വകുപ്പുകളുടെ കൈവശമുള്ള വിവരങ്ങളുമായി ഏകോപനം സാദ്ധ്യമാക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ